## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **13-02-2025 - ൽ മറുപടിയ്ക്ക്**

## ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | എൻഫോഴ്സ്മെന്റ് ആൻഡ് കംപ്ലെയ്ൻസ് ഓഫ് സ്റ്റാറ്റ്യൂട്ടറി റെഗുലേഷൻസ് എന്ന വാർഷിക പദ്ധതിയിൻ കീഴിൽ വിത്ത്, വളം, കീടനാശിനി എന്നിവയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ആണ് ലക്ഷ്യമിടുന്നത്. വളം വിത്ത് കീടനാശിനി ഇൻസ്പെക്ടർമാർ ഉല്പാദനോപാധികളുടെ ഉല്പാദന വില്പന യൂണിറ്റുകൾ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ഗുണമേന്മ പരിശോധന ലബോറട്ടറികളിൽ അയച്ച് ഗുണമേന്മ ഉറപ്പ വരുത്തുകയും ഗുണനിലവാരം കുറഞ്ഞവയുടെ വില്പന തടയുകയും ചെയ്യുന്നു. ഗുണനിലവാരം കുറഞ്ഞ വിത്തുകൾ ആണെന്ന് കണ്ടാൽ വിത്തുകൾ ഉല്പാദിപ്പിക്കാൻ ലൈസൻസ് നൽകാറില്ല. ഗുണമേന്മ ഇല്ലാത്ത വളം കീടനാശിനി ഉത്പാദകർക്കു മുന്നറിയിപ്പ് നൽകുകയും, തുടർന്നും ഇത്തരം പ്രവർത്തികളിലേർപ്പെടുന്ന സ്ഥാപനങ്ങളുടെ അനുമതി സസ്പെൻഡ് ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യുന്നു. |
| (ബി) | ജൈവ കീടനാശിനികളുടെയും ജൈവവളങ്ങളുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനും സംയോജിത രോഗ-കീട നിയന്ത്രണ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; ഇതിനായി പ്രത്യേക ക്യാമ്പയിനുകൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ജൈവകീടനാശിനികളുടെയും ജൈവ വളങ്ങളുടെയും ഉപയോഗം വർധിപ്പിക്കുന്നതിനും സംയോജിത രോഗകീട നിയന്ത്രണ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ വിളപരിപാലന പദ്ധതികൾ, ആത്മ, ജൈവ കാർഷിക മിഷൻ, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ ഉൽപ്പാദനോ പാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പി-ക്കുന്നതിനായി പരിശീലനവും, ക്യാമ്പയിനുകളും പ്രോജക്ട് അടിസ്ഥാനത്തിൽ ഓൺ ഫാം പ്രൊഡക്ഷൻ ഓഫ് ബയോ ഇൻപുട്ട്സ് എന്നിവയും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കുമോ; | (സി) | എൻഫോഴ്സ്മെന്റ് ആൻഡ് കംപ്ലെയ്ൻസ് ഓഫ് സ്റ്റാറ്റ്യൂട്ടറി റെഗുലേഷൻസ് എന്ന പദ്ധതിയിൻ കീഴിൽ ഉല്പാദനോപാധികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നത് കൂടാതെ ഗുണനിലവാര നിയന്ത്രണ നടപടികൾ, സാമ്പിൾ ശേഖരണ നടപടികൾ തുടങ്ങിയ വിവിധ വിഷയങ്ങളെ കുറിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങൾ നൽകുന്നു. ഉല്പാദനോപാധികളുടെ ഉത്പാദകർക്കും ഡീലർമാർക്കും ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ ഉല്പാദിപ്പിക്കുന്നതിന്റെയും വിൽക്കുന്നതിന്റെയും ആവശ്യകതയെ കുറിച്ച് ബോധവത്കരണ ക്ലാസ്സുകളും നൽകുന്നു. |
| (ഡി) | സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഈ പദ്ധതി എന്തെല്ലാം മാറ്റങ്ങൾക്ക് ഇടയാക്കുമെന്ന് അറിയിക്കുമോ? | (ഡി) | കർഷകർക്ക് വിതരണം ചെയ്യുന്ന ഉല്പാദനോപാധികളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുവാൻ ഈ നടപടികൾ മൂലം സാധ്യമാവുന്നു. സബ്സിഡി വളങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുൾപ്പെടെയുള്ള അനധികൃത വ്യാപാരം തടയുന്നതിനും കാർഷിക ആവശ്യത്തിനായി കർഷകർക്ക് ഇവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ